# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – വികേന്ദ്രീകൃതാസൂത്രണം – 2009–10 വാർഷിക പദ്ധതി രേഖയും പ്രോജക്ടുകളും കമ്പ്യൂട്ടർ ഡാറ്റാഎൻട്രി നടത്തൽ – ഡാറ്റാഎൻട്രി ഓപ്പറേറ്റർമാരുടെ നിയമനകാലാവധി ഒരു മാസത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

സ.ഉ.(സാധാ)നമ്പർ. 2486/2009/തസ്വഭവ തിരുവനന്തപുരം, തീയതി: 29.09.2009

പരാമർശം: 1) സ.ഉ.(സാധാ)നം.1469/2009/തസ്വഭവ; തീയതി 18.06.2009
2) സ.ഉ. (സാധാ) നം.1775/2009/തസ്വഭവ; തീയതി 16.07.2009
3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 10.09.2009–ലെ യോഗത്തിലെ 1.2–ാം നമ്പർ തീരുമാനം

**ഉത്തരവ്**

2009–10 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ഡാറ്റാ എൻട്രി ജോലികൾ നിറവേറ്റുന്നതിന് ഒരു ഡാറ്റാഎൻട്രി ഓപ്പറേറ്ററെ പരമാവധി രണ്ട് മാസത്തേക്ക്, ചില നിബന്ധനകൾക്ക് വിധേയമായി, താത്ക്കാലികമായി നിയമിക്കുവാൻ പരാമർശം ഒന്നിലെയും രണ്ടിലെയും ഉത്തരവുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. വാർഷിക പദ്ധതി അംഗീകാര പ്രക്രിയ പൂർത്തിയാകാത്തതിനാലും ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ 'അഭിപ്രായ വ്യത്യാസമുള്ളവ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ നൽകുന്ന പ്രോജക്ടുകളുടെ പോരായ്മകൾ പരിഹരിച്ച് പുനഃസമർപ്പിക്കേണ്ടതുള്ളതിനാലും ഡാറ്റാഎൻട്രി ഓപ്പറേറ്ററുടെ നിയമന കാലാവധി ദീർഘിപ്പിക്കുവാൻ അനുമതി നൽകണമെന്ന് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 2009–10 വാർഷിക പദ്ധതിരേഖയും പ്രോജക്ടുകളും ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ഡാറ്റാഎൻട്രി ജോലികൾ നിറവേറ്റുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിയോഗിക്കപ്പെട്ട ഡാറ്റാഎൻടി ഓപ്പറേറ്റർമാരുടെ നിയമന കാലാവധി ആവശ്യമെങ്കിൽ ഒരു മാസത്തേക്കു കൂടി, ആകെ നിയമനകാലയളവ് മൂന്ന് മാസത്തിൽ അധികരിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥയിൽ, മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
6 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
7 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

8 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
9 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാകളക്ടർമാർ) മാർക്കും
16 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
17 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
20 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
21 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
22 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
23 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
24 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
25 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
26 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
27 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
28 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
29 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ